# പ്രധാനമന്ത്രി കുവൈത്തിന്റെ പ്രധാനമന്ത്രിയെ കണ്ടു

ഡിസംബർ 22, 2024

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് കുവൈത്ത് പ്രധാനമന്ത്രി ആദരണീയനായ ഷെയ്ഖ് അഹമ്മദ് അൽ-അബ്ദുള്ള അൽ-അഹമ്മദ് അൽ-സബാഹിയുമായി സംഭാഷണം നടത്തി.

2.രണ്ട് നേതാക്കളും രാഷ്ട്രീയ, വ്യാപാര, നിക്ഷേപ, ഊർജ, പ്രതിരോധ, സുരക്ഷ, ആരോഗ്യ, വിദ്യാഭ്യാസ, സാങ്കേതികവിദ്യ, സാംസ്കാരിക, ജനസമ്പർക്ക മേഖലകളിൽ ഉൾപ്പെടെ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗരേഖ ചർച്ച ചെയ്തു.  അവർ ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുന്നതിന് ഊന്നൽ നൽകി.  ഊർജ്ജം, പ്രതിരോധം, മെഡിക്കൽ ഡിവൈസുകൾ, ഫാർമ, ഫുഡ് പാർക്കുകൾ എന്നീ മേഖലകളിലെ പുതിയ അവസരങ്ങൾ ആരായാൻ കുവൈത്ത് ഇൻവെസ്റ്റ്മെന്റ് അതോറിറ്റിയും മറ്റ് പങ്കാളികളും അടങ്ങുന്ന ഒരു പ്രതിനിധി സംഘത്തെ പ്രധാനമന്ത്രി ഇന്ത്യയിലേക്ക് ക്ഷണിച്ചു. നേതാക്കൾ പരമ്പരാഗത മെഡിസിനിലും കാർഷിക ഗവേഷണത്തിലുമുള്ള സഹകരണം ചർച്ച ചെയ്തു.  ആരോഗ്യം, മാനവശേഷി, ഹൈഡ്രോകാർബണുകൾ എന്നിവയിലെ നിലവിലുള്ള JWG-കൾക്ക് പുറമെ വ്യാപാരം, നിക്ഷേപം, വിദ്യാഭ്യാസം, സാങ്കേതികവിദ്യ, കൃഷി, സുരക്ഷ, സംസ്കാരം എന്നീ മേഖലകളിലും പുതിയ സംയുക്ത വർക്കിംഗ് ഗ്രൂപ്പുകൾ സ്ഥാപിക്കുന്നതിന് ജോയിന്റ് കമ്മീഷൻ ഫോർ കോപ്പറേഷൻ (JCC) ഈയ്യിടെ ഒപ്പുവെച്ചതിനെ അവർ സ്വാഗതം ചെയ്തു.

3.ചർച്ചകൾക്ക് ശേഷം നേതാക്കൾ ഉഭയകക്ഷി കരാറുകളും ധാരണാപത്രം ഒപ്പ് വെക്കുന്നതിനും കൈമാറുന്നതിനും സാക്ഷ്യം വഹിച്ചു. ഇതിൽ പ്രതിരോധ സഹകരണം, സാംസ്കാരിക വിനിമയ പദ്ധതി, കായിക മേഖലയിലെ സഹകരണത്തെക്കുറിച്ചുള്ള ഒരു എക്സിക്യൂട്ടീവ് പ്രോഗ്രാം, അന്താരാഷ്ട്ര സോളാർ അലയൻസിൽ കുവൈത്ത് ചേരുന്നതിന്റെ ഫ്രെയിംവർക്ക് എഗ്രിമെന്റ് എന്നിവയാണ് ഉൾപ്പെട്ടിരുന്നത്.

4. ഇന്ത്യ സന്ദർശിക്കാൻ പ്രധാനമന്ത്രി കുവൈത്തിന്റെ പ്രധാനമന്ത്രിയെ ക്ഷണിച്ചു.

**കുവൈത്ത് സിറ്റി**

**ഡിസംബർ 22, 2024**